പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.688 — 28/02/2017-ൽ മറുപടിക്ക്

# ഇടക്കൊച്ചിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പശ്ചിമ കൊച്ചിയിൽ ഭൂമിയുടെ ദൗർലഭ്യവും ഉയർന്ന കെട്ടിട വാടകയും മൂലം 24.02.2016 ലെ ഉത്തരവ് പ്രകാരം ഇടക്കൊച്ചിയിൽ അനുവദിച്ച സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറക്ക് മാത്രമേ ഇടക്കൊച്ചി ഉൾപ്പെടെയുള്ള പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് ബോർഡ് തീരുമാനിക്കുകയും ടി തീരുമാനത്തിൽ |
| (ബി) | മേൽ സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം ഭേദഗതി ചെയ്യുന്നതിനായി 12.07.2016 ൽ സമർപ്പിച്ച കത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ; | (ബി)<br>& | ഭേദഗതി വരുത്തുന്നതിനായി സമർപ്പിച്ച 12.7.2016 ലെ കത്ത് പരിശോധിച്ചു. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. |
| (സി) | സെക്ഷൻ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | ഇതിന്റെയെല്ലാം ചിലവ് കെ.എസ്.ഇ.ബി.എൽ തന്നെയാണ് വഹിക്കുന്നത്. ഇത്തരത്തിലുള്ള ചിലവുകൾ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള കെട്ടിട വാടക കൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ ഭേദഗതി വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇടക്കൊച്ചിയിൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ